ലോക വിനോദസഞ്ചാര ദിനം: പ്രാധാന്യം

ആഗോളതലത്തിൽ സാമ്പത്തിക വികസനം, സാംസ്കാരിക വൈവിധ്യം, സാംസ്കാരിക ധാരണ തുടങ്ങിയവ വളർത്തിയെടുക്കുന്നതിന് ടൂറിസം വ്യവസായത്തെ ഉപയോഗപ്പെടുത്താമെന്ന് യു.എൻ വിലയിരുത്തുന്നു. തദ്ദേശീയ ജനവിഭാഗങ്ങൾക്ക് പ്രയോജനം ചെയ്യുന്നതും പരിസ്ഥിതിയെ സംരക്ഷിക്കുന്നതുമായ ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യവും യു.എൻ മുന്നോട്ടുവെക്കുന്നുണ്ട്.

മെക് സെവൻ ആരോഗ്യ കൂട്ടായ്മ ഉദ്ഘാടനം 28ന്

തൃക്കരിപ്പൂർ: തൃക്കരിപ്പൂർ, പടന്ന പഞ്ചായത്തുകളിലെ മെക് സെവൻ ആരോഗ്യ കൂട്ടായ്മയുടെ സംയുക്ത ഉദ്ഘാടനം ഈമാസം 28ന് രാവിലെ ആറിന് ഇളമ്പച്ചി ഫായിക്ക ഇൻഡോർ അക്കാദമിയിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്ത സമ്മേളനത്തിൽ അറിയിച്ചു. ജീവിതശൈലി രോഗങ്ങളെ വിജയകരമായി മറികടക്കാനും ശാരീരികവും മാനസികവുമായ സമ്പൂർണ്ണ ആരോഗ്യത്തിനുള്ള പരിശ്രമമാണ് മെക് സെവൻ. ജാതി, മത, രാഷ്ട്രീയ, പ്രായ ഭേദമന്യേ ഏവർക്കും ആരോഗ്യകരമായ ജീവിത ശൈലിക്ക് തുടക്കം കുറിക്കാൻ ഇതിലൂടെ അവസരം ലഭിക്കുന്നു. ദിവസേന അരമണിക്കൂർ നേരമാണ് വ്യായാമം. യോഗ, എയ്റോബിക്സ്, മെഡിറ്റേഷൻ, ബ്രീത്തിങ് ആൻഡ് സ്ട്രെച്ചിങ്, അക്യുപ്രഷർ, ഫേസ് മസ്സാജ്, ലളിത വ്യായാമങ്ങൾ തുടങ്ങി ഏഴുതരം വ്യായാമമുറകളുടെ സംയുക്തമാണ് മൾട്ടി എക്സർസൈസ് കോമ്പിനേഷൻ അഥവാ മെക് സെവൻ. ഉദ്ഘാടനത്തിന്റെ പ്രചാരണത്തിനായി വെള്ളിയാഴ്ച വൈകിട്ട് 4:30ന് ബൈക്ക് റാലി നടത്തും. തൃക്കരിപ്പൂരിൽ തുടങ്ങി പടന്നയിൽ സമാപിക്കും. വാർത്ത സമ്മേളനത്തിൽ സമിതി ചെയർമാൻ എൻ.എ. മുനീർ, കോ ഓഡിനേറ്റർ അസ്‌ലം, എം.ടി.പി. ജമാൽ, അഷ്റഫ് പടന്ന, സാദിഖ് ലിമ്റ പടന്ന, എം.ടി.പി. ജമാൽ, അബ്ദുൽ സലാം തൃക്കരിപ്പൂർ എന്നിവർ പങ്കെടുത്തു.

വിടവാങ്ങിയത് ഉത്തര കേരളത്തിലെ കോൺഗ്രസിന്റെ ജനകീയ മുഖം

രാഘവൻ കടന്നപ്പള്ളി

പയ്യന്നൂർ: കോൺഗ്രസ് നേതാവ് കെ.പി. കുഞ്ഞിക്കണ്ണന്റെ വിയോഗത്തിലൂടെ ഉത്തര കേരളത്തിലെ കോൺഗ്രസിന്റെ ജനകീയ മുഖമാണ് ഇല്ലാതായത്. രാഷ്ട്രീയത്തിനപ്പുറം എല്ലാവരോടും ചിരിച്ച് കുശലം ചോദിക്കുന്ന നേതാക്കളിലൊരാളായിരുന്നു അദ്ദേഹം.

നേതാവ് കെ. കരുണാകരൻ രാഷ്ട്രീയത്തിന്റെ ബാലപാഠം പകർന്നു നൽകിയ നേതാക്കളിൽ പ്രഥമസ്ഥാനമാണ് കെ.പി. കുഞ്ഞിക്കണ്ണനുള്ളത്. അതിനാൽ തന്നെ ഏറെ ജനകീയനായ കോൺഗ്രസ് നേതാവായി മാറാൻ കെ.പിക്ക് സാധിച്ചു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയും എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാലുമുൾപ്പെടെയുള്ള നേതാക്കൾ വളർന്നുവന്ന കടന്നപ്പള്ളി ഗ്രാമം തന്നെയാണ് കെ.പിയുടെയും ജന്മസ്ഥലം. കമ്യൂണിസ്റ്റ് പാർട്ടി ഗ്രാമമായ കടന്നപ്പള്ളിയിൽ ദേശീയ പ്രസ്ഥാനകാലം മുതൽ തന്നെ കോൺഗ്രസിന് വളക്കൂറുള്ള കണ്ടോന്താറിലാണ് കെ.പി. കുഞ്ഞിക്കണ്ണൻ രാഷ്ട്രീയത്തിന്റെ ഹരിശ്രീ കുറിച്ചത്. എതിരാളികളോടും പരിമിതികളോടും ഏറ്റുമുട്ടിയാണ് രാഷ്ട്രീയ കളരിയിൽ പയറ്റി തെളിഞ്ഞത്. പ്രദേശത്ത് പാർട്ടിയെയും നേതാക്കളെയും വളർത്താൻ അദ്ദേഹത്തിന്റെ ജനകീയ ഇടപെടൽ സഹായിച്ചു. യൂത്ത് കോൺഗ്രസ് നേതൃത്വത്തിലൂടെ വളർന്ന അദ്ദേഹത്തിന്റെ തട്ടകം പിന്നീട് കാസർകോട്ടേക്ക് മാറി.

നല്ല സംഘാടകനും പ്രഭാഷകനുമായി വളർന്ന കെ.പി. ലീഡറുടെ മാനസപുത്രനായി മാറാൻ അധികകാലം വേണ്ടിവന്നില്ല. സ്നേഹിക്കുന്നവരെ കൈവിടാത്ത ലീഡർ കെ.പിക്ക് മകൻ മുരളീധരന്റെ സ്ഥാനമാണ് നൽകിയത്. ഈ അടുപ്പമാണ് ഉദുമയുടെ ജനപ്രതിനിധിയാവാനുള്ള നിയോഗത്തിനു പിന്നിലും. കോൺഗ്രസുകാരെയും മാർക്സിസ്റ്റുകാരെയും മാറി മാറി പരീക്ഷിക്കാറുള്ള ഉദുമ ജനത 1987ലെ നിയമസഭ തെരഞ്ഞെടുപ്പിൽ ഇരുകയ്യും നീട്ടിയാണ് കെ.പി. കുഞ്ഞിക്കണ്ണനെ സ്വീകരിച്ചത്. സ്വന്തം നാടുമായി ബന്ധമില്ലാതെ പയ്യന്നൂരുകാരനായിട്ടു പോലും കുഞ്ഞിക്കണ്ണന് ഉദുമയിലെ വോട്ടർമാർ നൽകിയ പിന്തുണ കെ. കരുണാകരൻ എന്ന നേതാവിനോടുള്ള കടപ്പാടുകൂടിയാണ് അടയാളപ്പെടുത്തിയത്. എന്നാൽ, പിന്നീട് നടന്ന രണ്ടു തെരഞ്ഞെടുപ്പുകളിലും 2016ൽ തൃക്കരിപ്പൂർ മണ്ഡലത്തിലും പരാജയപ്പെട്ടുവെങ്കിലും കാസർകോടുമായുള്ള അടുപ്പം നിലനിർത്തി.

കോൺഗ്രസ് നേതാവും മുൻ എം.എൽ.എയുമായ കെ.പി. കുഞ്ഞിക്കണ്ണന്റെ മൃതദേഹം കണ്ണൂർ ഡി.സി.സി ഓഫിസിൽ പൊതുദർശനത്തിന് വെച്ചപ്പോൾ എ.ഐ.സി.സി ജനറൽ സെക്രട്ടറികെ.സി. വേണുഗോപാൽ എം.പി അന്ത്യോപചാരം അർപ്പിക്കുന്നു

കെ.പി. കുഞ്ഞിക്കണ്ണന്റെ മൃതദേഹം കണ്ണൂർ ഡി.സി.സി ഓഫിസിൽ പൊതുദർശനത്തിന് വെച്ചപ്പോൾ സി.പി.എം കേന്ദ്ര കമ്മിറ്റിയംഗം ഇ.പി. ജയരാജനും സി.പി.ഐ നേതാവ് സി.എൻ. ചന്ദ്രനും അന്ത്യോപചാരം അർപ്പിക്കുന്നു

SOUTH INDIAN Bank

റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ
പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ-ലേല വിൽപ്പന നോട്ടീസ് [റൂൾ-8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

വായ്പക്കാർ: **(1) ശ്രീ. ഹാരിസ് ടി.എ,** തായൽ മാളിക ഹൗസ്, തെക്കിൽ വില്ലേജ്, കാസർഗോഡ് - 671 541, ജാമ്യക്കാരായ **(2) ശ്രീമതി സക്കീനത്ത് സാഹിദ ഡി വൈ,** തായൽ മാളിക ഹൗസ്, തെക്കിൽ വില്ലേജ്, കാസർകോട് - 671 541, **(3) ശ്രീ. അബ്ദുൾ ഖാദർ ടി.എ.,** സഹവാസ് മൻസിൽ, ചെട്ടുംകുഴി, കുഡ്‌ലു, ഹിദായത്ത് നഗർ, പിൻകോഡ് - 671 123

താഴെ പറയുന്ന വസ്തുവഹകൾ **സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ ഉദുമ ബ്രാഞ്ചിൽ** (സെക്യൂർഡ് ക്രഡിറ്റർ) ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ (സെക്യൂർഡ് ക്രഡിറ്റർ) കൈവശത്തിലെടുത്തിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ഉദുമ ബ്രാഞ്ചിന് (സെക്യൂർഡ് ക്രഡിറ്റർ) മുകളിൽ പറഞ്ഞ വായ്പക്കാർ/ജാമ്യക്കാർ എന്നിവരിൽ നിന്നും 23.09.2024ന് കിട്ടുവാനുള്ള തുകയായ **3,26,81,573.58 (മൂന്ന് കോടി ഇരുപത്തിയാറ് ലക്ഷത്തി എൺപത്തിയൊന്നായിരത്തി അഞ്ഞൂറ്റി എഴുപത്തിമൂന്ന് രൂപ അൻപത്തിയെട്ട് പൈസ മാത്രം)** തിരിച്ചുപിടിക്കുന്നതിനായി വസ്തുവഹകൾ ഇപ്പോൾ എവിടെയൊണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന് അടിസ്ഥാനത്തിൽ **17.10.2024**ന് ബാങ്ക് വിൽക്കുന്നതായിരിക്കും.

സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ

ഐറ്റം നം.1: **വസ്തു ഉടമയുടെ പേര്:** ശ്രീ ഹാരിസ് ടി.എ., **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ പാഡി വില്ലേജിലെ സർവ്വെ നമ്പർ 342/1എ1പിടി3 & 342/1എ1പിടി2 ശ്രീ ഹാരിസ് ടി.എ യുടെ ഉടമസ്ഥതയിലുള്ള ബദിയഡ്ക എസ്ആർഒയിൽ 20.03.2020ന് രജിസ്റ്റർ ചെയ്ത 910/2020 ജൻമം തീരാധാരപ്രകാരം ഏകദേശം 1000 സ്കയർഫീറ്റ് വിസ്തീർണ്ണമുള്ള റസിഡെൻഷ്യൽ ബിൽഡിംഗും (ഡോർ നം.III/28E) പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ മറ്റെല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 13 സെന്റ് സ്ഥലം. **അതിർത്തികൾ: (സർവ്വെ നം. 342/1എ1പിടി3):** വടക്ക് അബ്ബുബക്കറിന്റെ സ്ഥലം, കിഴക്ക് മൈമൂനയുടെ സ്ഥലം, തെക്ക് സ്വന്തം സ്ഥലം, പടിഞ്ഞാറ് പി.ഡബ്ല്യു.ഡി റോഡ്. **(സർവ്വെ നം. 342/1എ1പിടി2):** വടക്ക് സ്വന്തം സ്ഥലം, കിഴക്ക് മൈമൂനയുടെ സ്ഥലം, തെക്ക് സി.എച്ച് അബ്ദുല്ലയുടെ സ്ഥലം, പടിഞ്ഞാറ് പി.ഡബ്ല്യു.ഡി റോഡ്.

കരുതൽ വില: **29,49,600 (ഇരുപത്തൊമ്പത് ലക്ഷത്തി നാൽപ്പത്തൊമ്പതിനായിരത്തി അറുനൂറ് രൂപ മാത്രം)**
നിരതദ്രവ്യം (EMD): **2,94,960 (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം)** (EMD) 16.10.2024 നൊ അതിനുമുമ്പോ വൈകു. 5 മണി വരെ നിക്ഷേപിക്കാവുന്നതാണ്
ബിഡ് ഇൻക്രിമെന്റ് തുക: **10,000 (പത്തായിരം രൂപ മാത്രം)**
ഇ-ലേലത്തിന്റെ തിയതിയും സമയവും: **17.10.2024ന് രാവിലെ 10 മുതൽ 11 വരെ** വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ലഭിച്ച ഇസി/സെർച്ച് റിപ്പോർട്ട് പ്രകാരം **07.05.2024 വരെ,** ബാധ്യതകൾ ഒന്നും തന്നെ ഇല്ല

ഐറ്റം നം.2: **വസ്തു ഉടമയുടെ പേര്:** ശ്രീ ഹാരിസ് ടി.എ., **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ തെക്കിൽ വില്ലേജിലെ സർവ്വെ നമ്പർ 351/1എ19 ശ്രീ ഹാരിസ് ടി.എ യുടെ ഉടമസ്ഥതയിലുള്ള ഉദുമ എസ്ആർഒയിൽ 09.07.2020ന് രജിസ്റ്റർ ചെയ്ത 1309/2020 ജൻമം തീരാധാരപ്രകാരം പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ മറ്റെല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 20 സെന്റ് സ്ഥലം. **അതിർത്തികൾ:** വടക്ക്: കൃഷ്ണന്റെ സ്ഥലം, കിഴക്ക്: കുട്ട്യാന്റെ സ്ഥലം, തെക്ക്: ഫുട്പാത്ത്, പടിഞ്ഞാറ്: മൺ റോഡ്.

കരുതൽ വില: **12,80,000 (പന്ത്രണ്ട് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം)**
നിരതദ്രവ്യം (EMD): **1,28,000 (ഒരു ലക്ഷത്തി ഇരുപത്തിയെട്ടായിരം രൂപ മാത്രം)** (EMD) 16.10.2024 നൊ അതിനുമുമ്പോ വൈകു. 5 മണി വരെ നിക്ഷേപിക്കാവുന്നതാണ്
ബിഡ് ഇൻക്രിമെന്റ് തുക: **10,000 (പത്തായിരം രൂപ മാത്രം)**
ഇ-ലേലത്തിന്റെ തിയതിയും സമയവും: **17.10.2024ന് രാവിലെ 11.30 മുതൽ 12.30 വരെ** വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ലഭിച്ച ഇസി/സെർച്ച് റിപ്പോർട്ട് പ്രകാരം **07.05.2024 വരെ,** ബാധ്യതകൾ ഒന്നും തന്നെ ഇല്ല

ഐറ്റം നം.3: **വസ്തു ഉടമയുടെ പേര്:** ശ്രീ ഹാരിസ് ടി.എ., **വസ്തുവിന്റെ വിവരണം:** കാസർകോട് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ തെക്കിൽ വില്ലേജിലെ സർവ്വെ നമ്പർ 248/1 ശ്രീ. ഹാരിസ് ടി.എ യുടെ ഉടമസ്ഥതയിലുള്ള ഉദുമ എസ്ആർഒയിൽ 10.07.2020ന് രജിസ്റ്റർ ചെയ്ത 1316/2020 ജൻമം തീരാധാരപ്രകാരം പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ മറ്റെല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 30 സെന്റ് സ്ഥലം. **അതിർത്തികൾ:** വടക്ക്: ഹാരിസ് അഹമ്മദലിയുടെയും മറ്റുള്ളവരുടെയും സ്ഥലം, കിഴക്ക്: പഞ്ചായത്ത് റോഡ്, തെക്ക്: പഞ്ചായത്ത് റോഡ്, പടിഞ്ഞാറ്: ദാവൂദിന്റെ സ്ഥലം.

കരുതൽ വില: **21,60,000 (ഇരുപത്തിയൊന്ന് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം)**
നിരതദ്രവ്യം (EMD): **2,16,000 (രണ്ട് ലക്ഷത്തി പതിനാറായിരം രൂപ മാത്രം)** (EMD) 16.10.2024 നൊ അതിനുമുമ്പോ വൈകു. 5 മണി വരെ നിക്ഷേപിക്കാവുന്നതാണ്
ബിഡ് ഇൻക്രിമെന്റ് തുക: **10,000 (പത്തായിരം രൂപ മാത്രം)**
ഇ-ലേലത്തിന്റെ തിയതിയും സമയവും: **17.10.2024ന് ഉച്ചക്ക് 1 മുതൽ 2 വരെ** വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ലഭിച്ച ഇസി/സെർച്ച് റിപ്പോർട്ട് പ്രകാരം **07.05.2024 വരെ,** ബാധ്യതകൾ ഒന്നും തന്നെ ഇല്ല

ഐറ്റം നം.4: **വസ്തു ഉടമയുടെ പേര്:** ശ്രീ. അബ്ബുൾ ഖാദർ ടി.എ, **വസ്തുവിന്റെ വിവരണം: 4.(എ):** കാസർകോട് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ ബേള വില്ലേജിലെ സർവ്വെ നമ്പർ 469/1എ1പിടി4 ശ്രീ. അബ്ബുൾ ഖാദർ ടി.എ യുടെ ഉടമസ്ഥതയിലുള്ള ബദിയഡ്ക എസ്ആർഒയിൽ 07.03.2019ന് രജിസ്റ്റർ ചെയ്ത 761/2019 ധനനിശ്ചയ ആധാരപ്രകാരം പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ മറ്റെല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 18.48 സെന്റ് സ്ഥലം. **അതിർത്തികൾ:** വടക്ക്: മുഹമ്മദ് കുഞ്ഞിയുടെ സ്ഥലം, കിഴക്ക്: പഞ്ചായത്ത് റോഡ്, തെക്ക്: ഉസ്മാന്റെ സ്ഥലം, പടിഞ്ഞാറ്: മുഹമ്മദ് കുഞ്ഞിയുടെ സ്ഥലം. **4.(ബി):** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ ബേള വില്ലേജിലെ സർവ്വെ നമ്പർ 468/2പിടി3 ശ്രീ. അബ്ബുൾ ഖാദർ ടി.എ യുടെ ഉടമസ്ഥതയിലുള്ള ബദിയഡ്ക എസ്ആർഒയിൽ 03.05.2017ന് രജിസ്റ്റർ ചെയ്ത 1746/2017 ധനനിശ്ചയ ആധാരപ്രകാരം പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ മറ്റെല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം147.24 സെന്റ് സ്ഥലം. **അതിർത്തികൾ:** വടക്ക്: സ്വകാര്യ റോഡ്, കിഴക്ക്: മുഹമ്മദ് കുഞ്ഞി, തെക്ക്: തമ്മുഞ്ഞി നായരുടെ സ്ഥലം, പടിഞ്ഞാറ്: ഉസ്മാന്റെ സ്ഥലം.

കരുതൽ വില: **40,53,600 (നാൽപ്പത് ലക്ഷത്തി അമ്പത്തി മൂവായിരത്തി അറുനൂറ് രൂപ മാത്രം)**
നിരതദ്രവ്യം (EMD): **4,05,360 (നാല് ലക്ഷത്തി അയ്യായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം)** (EMD) 16.10.2024 നൊ അതിനുമുമ്പോ വൈകു. 5 മണി വരെ നിക്ഷേപിക്കാവുന്നതാണ്
ബിഡ് ഇൻക്രിമെന്റ് തുക: **10,000 (പത്തായിരം രൂപ മാത്രം)**
ഇ-ലേലത്തിന്റെ തിയതിയും സമയവും: **17.10.2024ന് ഉച്ചക്ക് 2.30 മുതൽ 3.30 വരെ** വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ലഭിച്ച ഇസി/സെർച്ച് റിപ്പോർട്ട് പ്രകാരം **07.05.2024 വരെ,** ബാധ്യതകൾ ഒന്നും തന്നെ ഇല്ല

വിൽപ്പനയുടെ കൂടുതൽ വിവരങ്ങളും ഉപാധികളും അറിയുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ (സെക്യൂർഡ് ക്രെഡിറ്റർ) വെബ്സൈറ്റ് സന്ദർശിക്കുക. **www. southindianbank.com** വിശദാംശങ്ങൾ **https://bankauctions.in** വും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും വസ്തുവിന്റെ പരിശോധനയ്ക്കും, ലേലം വിളിക്കാൻ ഉദ്ദേശിക്കുന്നവർ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡുമായി **6282084874** നമ്പറിൽ ബന്ധപ്പെടുക.

കണ്ണൂർ 24.09.2024 (ഒപ്പ്)അധികാരപ്പെടുത്തിയ ഓഫീസർ, ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്

കെ.പി. കുഞ്ഞിക്കണ്ണന് വിട നൽകി കണ്ണൂർ

കണ്ണൂർ: അന്തരിച്ച കോൺഗ്രസ് നേതാവും ഉദുമ മുൻ എം.എൽ.എയുമായിരുന്ന കെ.പി. കുഞ്ഞിക്കണ്ണന് കണ്ണൂരിന്റെ ആദരം. ജില്ല കോൺഗ്രസ് കമ്മിറ്റി ആസ്ഥാനത്ത് പൊതുദർശനത്തിന് വെച്ച മൃതദേഹത്തിൽ അന്ത്യോപചാരമർപ്പിക്കാൻ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ നിന്ന് നേതാക്കളും പ്രവർത്തകരും ഡി.സി.സി ഓഫിസിലെത്തി. മലബാറിൽ കോൺഗ്രസിനെ ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ച നേതാവാണ് കെ.പി. കുഞ്ഞിക്കണ്ണനെന്നു രമേശ് ചെന്നിത്തല അനുസ്മരിച്ചു.

എ.ഐ.സി.സിയുടെ സംഘടന ചുമതയുള്ള ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എം.പി, ഡി.സി.സി പ്രസിഡന്റ് അഡ്വ. മാർട്ടിൻ ജോർജ് എന്നിവർ ചേർന്ന് പാർട്ടി പതാക പുതപ്പിച്ചു. മുൻ കെ.പി.സി.സി അധ്യക്ഷൻ മുല്ലപ്പള്ളി രാമചന്ദ്രൻ, പ്രഫ. എ.ഡി. മുസ്തഫ, മുസ്‌ലിം ലീഗ് ജില്ല പ്രസിഡന്റ് അഡ്വ. അബ്ദുൽ കരീം ചേലേരി, സി.പി.എം ജില്ല സെക്രട്ടറി എം.വി. ജയരാജൻ, കണ്ണൂർ കോർപറേഷൻ മേയർ മുസ്‌ലിഹ് മഠത്തിൽ, വിവിധ പാർട്ടി നേതാക്കളായ ഇ.പി. ജയരാജൻ, പി. ജയരാജൻ, ടി.വി. രാജേഷ്, വി.എ. നാരായണൻ, കെ.പി.സി.സി ജനറൽ സെക്രട്ടറി അജയ് തറയിൽ, പി.ടി. മാത്യു, പി.ടി. ജോസ്, സജീവ് മാറോളി, അഡ്വ. ടി.ഒ. മോഹനൻ, കെ.സി. മുഹമ്മദ് ഫൈസൽ, പി.കെ. ഫൈസൽ, സി.എൻ. ചന്ദ്രൻ, എം. പി. മുരളി, വെള്ളോറ രാജൻ, സി.പി. ഷൈജൻ, ഹക്കിം കുന്നേൽ, ഇല്ലിക്കൽ അഗസ്തി, പി.പി. ദിവാകരൻ, സി.എ. അജീർ, പി. സുനിൽകുമാർ തുടങ്ങിയ നേതാക്കൾ ആദരാഞ്ജലികൾ അർപ്പിച്ചു. മുൻ മുഖ്യമന്ത്രി എ.കെ. ആന്റണി, കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരൻ എം.പി, ഷാഫി പറമ്പിൽ എം.പി, മുൻ കെ.പി.സി.സി അധ്യക്ഷന്മാരായ വി.എം. സുധീരൻ, കെ. മുരളീധരൻ തുടങ്ങിയവർ അനുശോചനം അറിയിച്ചു.

നഷ്ടപ്പെട്ടത് ആദർശശുദ്ധിയുള്ള നേതാവിനെ -കെ.സി. വേണുഗോപാൽ

കെ.പി. കുഞ്ഞിക്കണ്ണന്റെ വിയോഗത്തിലൂടെ നന്മയുള്ള ആദർശശുദ്ധിയുള്ള നിഷ്കളങ്കമായ മുഖമാണ് കോൺഗ്രസ് പാർട്ടിക്ക് നഷ്ടപ്പെട്ടതെന്ന് കെ.സി. വേണുഗോപാൽ അനുസ്മരിച്ചു. അന്ത്യോപചാരമർപ്പിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാർഥി സംഘടനാകാലത്ത് ഞങ്ങൾക്കെല്ലാം ഒരു രക്ഷിതാവിന്റെ പോലെ സംരക്ഷണം നൽകിയ നേതാവാണ് അദ്ദേഹം. ചിരിച്ച മുഖത്തോടെ ശാസിക്കുകയും നേർവഴിക്ക് നടത്തുകയും ചെയ്ത നേതാവായിരുന്നു. പിന്നീട് കെ.എസ്.യു സംസ്ഥാന പ്രസിഡന്റായി തിരുവനന്തപുരത്തേക്ക് ചെല്ലുന്ന കാലത്താണ് ആ കരുത്തിന്റെ തീവ്രത എനിക്കേറെ ബോധ്യപ്പെട്ടത്. കോൺഗ്രസ് സഹപ്രവർത്തകൻ എന്നതിനപ്പുറം സഹോദരതുല്യമായ സ്നേഹമായിരുന്നു അദ്ദേഹം എനിക്കു നൽകിയത്.

നഷ്ടപ്പെട്ടത് കോൺഗ്രസിന്റെ സൗമ്യ മുഖം -കെ. സുധാകരൻ എം.പി

കോൺഗ്രസിന്റെ സൗമ്യമുഖങ്ങളിലൊന്നായിരുന്ന കെ.പി. കുഞ്ഞിക്കണ്ണൻ മലബാറിൽ കോൺഗ്രസിനെ ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ച നേതാവാണെന്ന് കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരൻ എം.പി അനുശോചന സന്ദേശത്തിൽ പറഞ്ഞു. കാസർകോട് ജില്ലയിലെ ഇടതുപാർട്ടികളുടെ സ്വാധീനമേഖലകളിൽ പോലും കോൺഗ്രസിന്റെ കടന്നുകയറ്റം സാധ്യമാക്കിയത് കെ.പി. കുഞ്ഞിക്കണ്ണന്റെ സംഘടനാപാടവം കൊണ്ടാണ്. കുഞ്ഞിക്കണ്ണന്റെ സാന്നിധ്യം കോൺഗ്രസിന് എക്കാലവും വലിയ മുതൽക്കൂട്ടായിരുന്നുവെന്നും അദ്ദേഹം അനുസ്മരിച്ചു.

അന്തരിച്ച മുൻ എം.എൽ.എ കെ.പി. കുഞ്ഞിക്കണ്ണന്റെ ഭൗതിക ശരീരത്തിൽ ഡി.സി.സി പ്രസിഡൻറ് പുഷ്പ ചക്രം സമർപ്പിക്കുന്നു

കാഞ്ഞങ്ങാട് മാന്തോപ്പ്മൈതാനിയിൽ കെ.പി. കുഞ്ഞിക്കണ്ണന്റെ മൃതദേഹമെത്തിച്ചപ്പോൾ കാണാനെത്തിയവർ

കെ.പിക്ക് ആയിരങ്ങളുടെ അന്ത്യാഞ്ജലി

കാഞ്ഞങ്ങാട്: അന്തരിച്ച മുൻ എം.എൽ.എ കെ.പി. കുഞ്ഞിക്കണ്ണന് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ ആയിരങ്ങൾ അന്ത്യാഞ്ജലി അർപ്പിച്ചു. കണ്ണൂർ ഡി.സി.സിയിലെ പൊതുദർശനത്തിനുശേഷം കാസർകോട് ജില്ലയിലേക്ക് മൃതദേഹം വഹിച്ചു കൊണ്ടുള്ള യാത്ര തൃക്കരിപ്പൂർ, ചെറുവത്തൂർ, കാഞ്ഞങ്ങാട്, പള്ളിക്കര, ഉദുമ, പൊയിനാച്ചി, കാസർകോട് ഡി.സി.സി എന്നിവിടങ്ങളിൽ പൊതുദർശനത്തിനുവെച്ചു. കാസർകോട് ഡി.സി.സിയിൽ ഇ. ചന്ദ്രശേഖരൻ എം.എൽ.എ, സി.എച്ച്. കുഞ്ഞമ്പു എം.എൽ.എ, ജില്ല പഞ്ചായത്ത് പ്രസിഡൻറ് ബേബി ബാലകൃഷ്ണൻ, നഗരസഭ ചെയർമാൻ അബ്ബാസ് ബീഗം, സി.പി.എം ജില്ല സെക്രട്ടറി എം.വി. ബാലകൃഷ്ണൻ, സംസ്ഥാന സമി